(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സ്പെയർ പാർട്ട്സുകളുടെ അഭാവംമൂലം സർവ്വീസുകൾ കാര്യക്ഷമമായി നടത്താൻ കഴിയുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ)-(സി) സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും യാത്രാക്ലേശം പരിഹരിക്കുന്നതിനുമായി 1200 പുതിയ ബസ്സുകൾ നിരത്തിലിറക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹഡ്കോ, സർവ്വീസ് സഹകരണ ബാങ്ക് മുതലായ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഇതിനായി വായ്പകൾ എടുത്തു കഴിഞ്ഞു. ആദ്യ ഗഡു വായ്പ ഉപയോഗിച്ചു വാങ്ങിയ ബസ്സുകൾ ദീർഘദൂര സർവ്വീസുകളാക്കി യാത്രാക്ലേശം കൂടുതലുള്ള റൂട്ടുകളിൽ ഓടിച്ചുതുടങ്ങി. പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ബസ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ആകർഷകമായ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിക്കൊണ്ട് സർവ്വീസ് കാര്യക്ഷമമാക്കുവാൻ നടപടികൾ സ്വീകരിച്ചു. ജീവനക്കാരുടെ കുറവുമൂലം സർവ്വീസ് മുടക്കൽ ഒഴിവാക്കാനായി പുതിയ നിയമനങ്ങൾ നടത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) വർക്ക്ഷോപ്പുകളുടെ ആധുനീകവൽക്കരണം ഉൾപ്പെടെ കോർപ്പറേഷന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനുമായി ഹഡ്കോയും കെ.എസ്.ആർ.ടി.സി.യും ചേർന്ന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം ഇടപ്പാളിൽ 15 ലക്ഷം രൂപ ചെലവിൽ മൾട്ടീഷണൽ ഇൻ മാനേജും, കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പിൽ 69 ലക്ഷം രൂപ ചെലവിൽ ഫോർമേക്ക് ഗ്യാരേജും നിർമ്മിക്കുന്നതാണ്.

(എഫ്) ആവശ്യാനുസരണം സ്പെയർ പാർട്ട്സുകൾ വാങ്ങി നൽകുന്നുണ്ട്.

കള്ളുഷാപ്പുകളുടെ ലേലത്തിൽ ലഭിച്ച തുക

13 (*73) ശ്രീമതി കെ.ആർ ഗൗരിയമ്മ :

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97, 1997-98, 1998-99 1999-2000, 2000-2001 വർഷങ്ങളിൽ കള്ളുഷാപ്പുകൾ ലേലം ചെയ്ത ഇനത്തിൽ സർക്കാരിന് ലഭിച്ച തുക എത്ര;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) 1996 മുതൽ 2000-വരെയുള്ള സാമ്പത്തിക വർഷത്തിൽ കള്ളിന്റെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഓരോ വർഷത്തിലും എത്ര ലിറ്റർ കള്ളിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്;

(ഡി) കള്ളുഷാപ്പുകളിൽ നിന്നും ലഭിക്കുന്ന കള്ളിൽ മായം ചേർക്കുന്നതായി സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മദ്യത്തിൽ മായം ചേർക്കുന്നത് തടയുന്നതിന് നിലവിൽ എന്തെല്ലാം നിയമങ്ങളാണുള്ളത്;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത നിയമം അനുസരിച്ച് എത്രകേസ്സുകൾ ചാർജ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 1996-97, 97-98, 98-99, 99-2000, 2000-2001 എന്നീ വർഷങ്ങളിൽ കള്ളുഷാപ്പുകൾ ലേലം ചെയ്ത ഇനത്തിൽ സർക്കാരിന് ലഭിച്ച തുക താഴെ കൊടുക്കുന്നു.

96-97 57,22,43,460

97-98 124,78,57,663

98-99 83,37,39,563

99-2000 124,25,28,394

2000-2001 146,44,07,079

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 'എ'† ആയി ചേർത്തിരിക്കുന്നു.

(സി) 1998-99-ൽ 10957939 ലിറ്ററും 1999-2000ൽ 990,66,566 ലിറ്റർ കള്ള് കൂടുതലായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. എന്നാൽ 1997-98-ൽ കള്ള് ഉൽപ്പാദനത്തിൽ 2,12,87,621 ലിറ്ററിന്റെ കുറവ് വന്നിട്ടുണ്ട്. 96-97 മുതൽ ഉൽപ്പാദിപ്പിച്ച കള്ളിന്റെ വിവരം (ലിറ്ററിൽ) ചുവടെ ചേർക്കുന്നു.

96-97 24,66,02,487

97-98 22,53,14,866

98-99 25,75,60,426

99-2000 34,56,69,053

2000-2001 (31.5.2001 വരെ) 5,64,88,440

(ഡി) ഉണ്ട്

(ഇ) അത്തരം കേസ്സുകളിൽ ലൈസൻസുകൾ റദ്ദ് ചെയ്ത് ലൈസൻസികളുടെയും മറ്റ് കുറ്റവാളികളുടെയും പേരിൽ കേസ്സ് ചാർജ്ജ് ചെയ്യുന്നതാണ്.

(എഫ്) മദ്യത്തിൽ മായം ചേർത്താൽ അബ്കാരി ആക്ട് സെക്ഷൻ 57,57 (എ) വകുപ്പുകൾ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് മേൽനടപടി എടുക്കാവുന്നതാണ്. മദ്യത്തിൽ മായം ചേർത്തിരിക്കുന്നത് മയക്കുമരുന്നുകളാണെങ്കിൽ കേന്ദ്രനിയമമായ 1985-ലെ എൻ.ഡി.പി.എസ്. ആക്ടനുസരിച്ച് കേസ്സ് രജിസ്റ്റർ ചെയ്ത് മേൽ നടപടി എടുക്കാവുന്നതാണ്.

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2000 ഫെബ്രുവരി വരെ 204 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സുകളുടെ ജില്ലതിരിച്ചുള്ള കണക്കുകൾ താഴെകൊടുക്കുന്നു.

തിരുവനന്തപുരം 62

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം	66
ആലപ്പുഴ	11
പത്തനംതിട്ട	29
കോട്ടയം	19
എറണാകുളം	2
തൃശ്ശൂർ	3
മലപ്പുറം	9
പാലക്കാട്	2
കാസർഗോഡ്	1

ആകെ	204
	====

വനഭൂമി സംബന്ധിച്ച് സ്വകാര്യ വ്യക്തികളുമായുള്ള കേസ്സുകൾ

14 (*74)ശ്രീ. എം. മുരളി:

ശ്രീ. ഇ.എം. അഗസ്തി :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനഭൂമി സംബന്ധിച്ച സ്വകാര്യ വ്യക്തികളുമായുള്ള എത്ര കേസ്സുകളിൽ ഗവൺമെന്റിന് പ്രതികൂലമായ വിധി ഉണ്ടായിട്ടുണ്ട്;

(ബി) അതിന്റെ ഫലമായി എത്ര ഏക്കർ വനഭൂമി സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുക്കേണ്ടിവന്നുവെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ കേസ്സുകളിൽ സ്വകാര്യവ്യക്തികൾക്ക് ലഭിച്ച ഭൂമി തിരിച്ച് എടുക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ)-(സി) 57 ഒ.എ. കേസ്സുകളിലും 5 അപ്പീൽ കേസ്സുകളിലും 4 എസ്. എൽ.പി.യിലും സർക്കാരിന് പ്രതികൂലമായി വിധിയുണ്ടായിട്ടുണ്ട്. ഇതനുസരിച്ച് 926.31 ഏക്കർ ഭൂമി സ്വകാര്യവ്യക്തികൾക്ക് വിട്ടുകൊടുക്കാൻ വിധിയായിട്ടുണ്ട്. 30 കേസ്സുകളിൽ അപ്പീൽ ഫയൽ ചെയ്യുകയും മറ്റു കേസ്സുകളിൽ നിയമോപദേശം നേടുകയും ചെയ്തിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി 43 ഏക്കർ സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly